# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2609 — 12.02.2019-ൽ മറുപടിയ്ക്ക്

## അവശ കലാകാരന്മാർക്കുള്ള ആശ്വാസ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ : | **ശ്രീ. എ. കെ. ബാലൻ**<br>**പട്ടിക ജാതി പട്ടികവർഗ്ഗ**<br>**പിന്നോക്ക സമുദായ ക്ഷേമവും നിയമവും**<br>**സാംസ്കാരികവും പാർലമെന്ററികാര്യവും**<br>**വകുപ്പ് മന്ത്രി** |
| എ) അവശ കലാകാരന്മാർക്കുള്ള ആശ്വാസ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | എ) സാംസ്കാരിക വകുപ്പ് മുഖേന കേരളത്തിലെ 2750 ഓളം അവശരായ കലാകാരന്മാർക്ക് പ്രതിമാസം 1500/- രൂപ നിരക്കിൽ പെൻഷൻ നൽകി വരുന്നു.<br>കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ അംഗമാകുന്ന കലാകാരന്മാർക്ക് സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട് പ്രകാരം ഉള്ള എല്ലാ ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്. ക്ഷേമനിധി അംഗങ്ങളായ കലാകാരന്മാർക്ക് പ്രതിമാസം 3000 രൂപ പെൻഷൻ നൽകുന്നുണ്ട്.<br>സിനിമാ രംഗത്ത് പ്രവർത്തിച്ചിട്ടുള്ള അവശകലാകാരന്മാർക്ക് പ്രതിമാസം 1,000/- രൂപ വീതം ചലച്ചിത്ര അക്കാദമിയിൽ നിന്നും പെൻഷൻ നൽകിവരുന്നു.<br>അവശത അനുഭവിക്കുന്ന ഫോക് ലോർ കലാകാരന്മാർക്ക് അർഹത നോക്കി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് 25,000/- രൂപ വരെ ചികിത്സാ സഹായം ഫോക് ലോർ അക്കാദമി അനുവദിച്ച് നൽകാറുണ്ട്. |
| ബി) അപകടം സംഭവിച്ച് നിലവിൽ ജോലി ചെയ്യാൻ സാധിക്കാതെ കിടപ്പിലായിട്ടുള്ള കലാകാരന്മാർക്ക് സർക്കാർ അനുവദിക്കുന്ന ആശ്വാസ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | ബി) അശരണരും രോഗബാധിതരുമായ കലാകാരന്മാർക്ക് ആശ്വാസമായി അടിയന്തിര ചികിത്സാ ധനസഹായം നൽകുന്നതിനുള്ള പദ്ധതി പ്രകാരം, അർഹരായ അപേക്ഷകർക്ക് പരമാവധി ഒരു ലക്ഷം രൂപ വരെ സാംസ്കാരിക വകുപ്പ് മുഖേന അനുവദിച്ചുവരുന്നു.<br>സാംസ്കാരിക ക്ഷേമനിധിയിൽ അംഗമായി രജിസ്ട്രേഷൻ ലഭിച്ച ഒരു വ്യക്തിക്ക് അപകടം സംഭവിച്ചാൽ ആക്ട് പ്രകാരം, ആവശ്യമുള്ള മതിയായ ചികിത്സാ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് പരമാവധി 1.5 ലക്ഷം രൂപ വരെ ചികിത്സാ ധനസഹായം ലഭിക്കുവാൻ അർഹതയുണ്ട്.<br>പെട്ടെന്ന് ഉണ്ടാകുന്ന അപകടങ്ങൾക്കും മാരകരോഗങ്ങൾക്കും ചികിത്സാധനസഹായമായി സിനിമാ രംഗത്ത് പ്രവർത്തിക്കുന്ന കലാകാരന്മാർക്ക് പരമാവധി 25,000/- രൂപ വരെ ചലച്ചിത്ര അക്കാദമി അടിയന്തര സഹായം നൽകി വരുന്നു. |

കേരള സംഗീത നാടക അക്കാദമി ഏർപ്പെടുത്തിയ അപകട വൈദ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കലാകാരന്മാർക്ക് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നു.

1) മെഡിക്ലെയിം ഇൻഷ്വറൻസ് 1 ലക്ഷം രൂപ വരെ

2) അപകടം മൂലമുള്ള ചികിത്സാ ചെലവ് 1 ലക്ഷം രൂപ വരെ

3) അപകടം മൂലമുള്ള മരണം, പൂർണ്ണമായ അംഗവൈകല്യം തുടങ്ങിയവയ്ക്ക് 1 ലക്ഷം രൂപ വരെ

4) അപകടം മൂലമുള്ള താല്ക്കാലിക അംഗവൈകല്യം പൂർണ്ണമായും ബെഡ്റെസ്റ്റ് ആവശ്യമുള്ള അവസരങ്ങളിൽ മാത്രം ആഴ്ചയിൽ 1,000/- രൂപ വീതം (പരമാവധി 100 ആഴ്ചത്തേയ്ക്ക്).

5) അസുഖങ്ങൾക്ക് ആശുപത്രി ചിലവുകൾക്ക് പുറമെ പരമാവധി 1000/-രൂപ വരെ ക്യാഷ് ബെനഫിറ്റ്.

കേരള ഫോക് ലോർ അക്കാദമി വലിയ അപകടം സംഭവിക്കുന്ന കലാകാരന്മാർക്ക് പ്രത്യേകം അർഹിക്കുന്ന ചില കേസുകളിൽ സാമ്പത്തിക സഹായം നൽകാറുണ്ട്.

| | |
|---|---|
| സി) സർക്കാർ അംഗീകാരങ്ങളും അവാർഡുകളും ലഭിച്ചിട്ടില്ലാത്ത വരേയും ആനുകൂല്യങ്ങൾക്ക് പരിഗണിക്കുമോ; | സി) സർക്കാർ അംഗീകാരങ്ങളും അവാർഡുകളും ലഭിച്ചിട്ടില്ലായെങ്കിലും അർഹതയുള്ള കലാപ്രവർത്തകരെ ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നുണ്ട്. |
| ഡി) അവശ കലാകാരന്മാരുടെ മക്കൾക്ക് നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഏതെല്ലാമെന്ന് അറിയിക്കുമോ; | ഡി) കേരളസാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക സ്ഥിതിക്ക് അനുസൃതമായി ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് ബിരുദാനന്തര ബിരുദ പഠനത്തിന് വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നതിനും, അവ ക്ഷേമനിധി ആക്ട് പ്രകാരം തവണകളായി തിരികെ അടയ്ക്കുകയും ചെയ്യുന്നതിന് വ്യവസ്ഥയുണ്ട്. |
| ഇ) മരണപ്പെടുന്ന അവശ കലാകാരന്മാരുടെ ആശ്രിതർക്ക്എന്തെല്ലാം ആനുകൂല്യമാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ഇ) പ്രമുഖരായ 11 കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും വിധവകൾക്കും ആശ്രിതർക്കും സാംസ്കാരിക വകുപ്പ് പ്രതിമാസ ധനസഹായം നൽകുന്നുണ്ട്.<br>സാംസ്കാരിക പ്രവർത്തക ക്ഷേമനിധി അംഗങ്ങളുടെ അവകാശികൾക്ക് മരണാനന്തര സഹായത്തിനും ഫാമിലി പെൻഷനും അർഹതയുണ്ട്.<br>ചലച്ചിത്ര അക്കാദമി പെൻഷൻ കൈപ്പറ്റുന്ന കലാകാരന്മാർ മരണപ്പെട്ടാൽ അവരുടെ ആശ്രിതർക്ക് തുടർ പെൻഷൻ അനുവദിച്ച് നൽകിവരുന്നു.<br>പൊടുന്നനെ മരണപ്പെടുന്ന കലാകാരന്മാരുടെ ആശ്രിതർക്ക് ചില ഘട്ടങ്ങളിൽ ഫോക് ലോർ അക്കാദമി പ്രത്യേകമായി സഹായം അനുവദിക്കാറുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ**